## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3922** **27-10-2021 - ൽ മറുപടിയ്ക്ക്**

## ആലപ്പുഴ ജില്ലയിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർക്ക് പ്രൊമോഷൻ നല്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയ കെ. കെ. സ്വാമിനിയ്ക്ക് പ്രൊമോഷൻ നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ശ്രീമതി.കെ.കെ.സ്വാമിനി എന്ന പേരിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. എന്നാൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ ശ്രീമതി.കെ.കെ.സ്വാമിനി എന്ന പേരിൽ ഒരാൾ ജോലി ചെയ്യുന്നുണ്ട്. 26/12/1997-ൽ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാൾ 05/02/2002-ൽ അന്തർ ജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് ആലപ്പുഴ ജില്ലയിലേക്ക് സ്ഥലംമാറ്റം നേടുകയും ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ ജൂനിയറാകുകയും ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.2424 ആയി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28/06/2017-ലെ .ഏഫ്.ഡബ്ലിയു.എ4/19888/2014/ആ.വ.ഡ ഉത്തരവ് പ്രകാരം ക്രമ നം.1824 മുതൽ 2517 വരെയുള്ള ജീവനക്കാർക്ക് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 തസ്തികയിലേക്ക് പ്രൊമോഷൻ നൽകുകയും എന്നാൽ പ്രൊമോഷൻ നടപടികളുടെ ഭാഗമായി വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നപ്പോൾ ആയത് സമർപ്പിക്കാതിരുന്ന ജീവനക്കാരെ പ്രൊമോഷനിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരിൽ ശ്രീമതി.സ്വാമിനി.കെ.കെ-യും ഉൾപ്പെട്ടിരുന്നു. ഒഴിവാക്കപ്പെട്ടവർക്ക് അപ്പീൽ സമർപ്പിക്കുന്നതിനായി 15 ദിവസം സമയം അനുവദിച്ചിരുന്നു. എന്നാൽ ടിയാൾ യഥാസമയം അപ്പീൽ സമർപ്പിച്ചിരുന്നില്ല. |
| (ബി) | ഇവരുടെ നിലവിലെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | 04.10.2021 - ൽ ശ്രീമതി. സ്വാമിനി നൽകിയ അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | 2021 നവംബറിൽ റിട്ടയർ ചെയ്യുന്ന ഇവർക്ക് ലഭിക്കേണ്ട എല്ലാ പ്രോമോഷനുകളും അടിയന്തരമായി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | സ്ഥാനക്കയറ്റം നൽകുന്നതിനു മുൻപ് ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടികൾ എന്തെങ്കിലും നിലവിലുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇവർക്ക് പ്രൊമോഷൻ നൽകുന്നതിൽ ഇനി എന്തെല്ലാം നടപടികളാണ് ബാക്കി ഉള്ളത് എന്ന് വ്യക്തമാക്കുമോ? | (ഡി) | സ്ഥാനക്കയറ്റം നൽകുന്നതിനു മുൻപ് ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടികൾ എന്തെങ്കിലും നിലവിലുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ